07.12.2009

# കഴിഞ്ഞ ഒരാഴ്ച നടത്തിയ റെയ്ഡുകൾ

തിരുവനന്തപുരത്ത് പൊതുകമ്പോളത്തിലടക്കം ഒരാഴ്ച്ചയ്ക്കുള്ളിൽ 87 കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും 2660 ക്വിന്റൽ അരിയും 65 ക്വിന്റൽ പഞ്ചസാരയും 14 ക്വിന്റൽ ധാന്യങ്ങളും 1070 ലിറ്റർ ഭക്ഷ്യ എണ്ണയും തുടങ്ങി നിരവധി സാധനങ്ങൾ പിടിച്ചെടുത്തു.

കൊല്ലം ജില്ലയിൽ 15 റെയ്ഡുകൾ നടത്തിയതിൽ 75 ക്വിന്റൽ പഞ്ചസാരയും മറ്റ് സാധങ്ങളുമടക്കം 5 ലക്ഷം രൂപയുടെ സാധനങ്ങൾ പിടിച്ചെടുത്തു.

ആലപ്പുഴ ജില്ലയിൽ 20 റെയ്ഡുകൾ നടത്തിയതിൽ 5 ലക്ഷം രൂപയുടെ അരി, ഗോതമ്പ് എന്നിവ പിടിച്ചെടുത്തു. 6 പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 529 പൊതുകമ്പോള പരിശോധനകൾ നടത്തിയതിൽ 5 ലക്ഷം രൂപയുടെ സാധനങ്ങൾ പിടിച്ചെടുത്തു. 74 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി കമ്പോളങ്ങളിൽ പരിശോധന നടത്തിയതിന്റെ ഫലമായി അമിത വില ഈടാക്കൽ കുറഞ്ഞതായി വാർത്തയുണ്ട്. 421 ഹോട്ടലുകൾ പരിശോധിച്ചതിൽ 41 ഹോട്ടലുകാർക്കെതിരെയും 269 റേഷൻ കടകൾ പരിശോധിച്ചതിൽ 149 പേർക്കെതിരെ കേസ്സ് എടുത്തു.

കോട്ടയം ജില്ലയിൽ 67 പൊതുകമ്പോള പരിശോധനയും 10 റേഷൻകട പരിശോധനയും നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു.

എറണാകുളം ജില്ലയിൽ 144 പൊതു കമ്പോള റെയ്ഡുകൾ നടത്തി 12 പേർക്കെതിരെ കേസ്സ് എടുത്തു. 520 ലിറ്റർ മണ്ണെണ്ണയും 21 ഗ്യാസ് സിലിണ്ടറും പിടിച്ചെടുത്തു. ഒരു റേഷൻ കട സസ്പെന്റ് ചെയ്തു 50,000 രൂപ പിഴ ഇടാക്കി.

വയനാട് ജില്ലയിൽ 305 ചാക്ക് ഗോതമ്പ് പിടിച്ചെടുത്ത് കേസാക്കിയിട്ടുണ്ട്.

തൃശൂർ ജില്ലയിൽ എല്ലാ താലൂക്കിലും റെയ്ഡുകൾ നടത്തി അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങി 10 ലക്ഷം രൂപയുടെ സാധനങ്ങൾ പിടിച്ചെടുത്തു.

കണ്ണൂർ ജില്ലയിൽ 94 റെയ്ഡുകൾ നടത്തി 10 പേർക്കെതിരെ കേസ്സ് എടുത്തു. 500 കിലോ അരി പിടിച്ചെടുത്തു.

കോഴിക്കോട് ജില്ലയിൽ 78 പൊതു കമ്പോളങ്ങൾ 15 ഹോട്ടലുകൾ എന്നിവയിൽ നടത്തിയ റെയിഡിൽ 30,000 രൂപയുടെ സാധനങ്ങൾ പിടിച്ചെടുത്തു.

മലപ്പുറം ജില്ലയിൽ 16 റേഷൻ കടകളും 114 പൊതു കമ്പോളങ്ങളും റെയിഡ് നടത്തി 38 ക്രമക്കേടുകൾ കണ്ടെത്തുകയും 300 കിലോ ഭക്ഷ്യ വസ്ത്തുകൾ പിടിചെടുക്കുകയും ചെയ്തു.

കാസർഗോഡ് ജില്ലയിൽ 132 പൊതുകമ്പോളങ്ങൾ പരിശോധിച്ച് 22 കേസ്സ് എടുത്തു. 47 പച്ചക്കറിക്കടകൾ പരിശോധിച്ച് 12 കേസ്സ് എടുത്ത് 32 ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുക്കയും 38 ഹോട്ടലുകൾ പരിശോധിച്ച് കേസ്സ് എടുക്കുകയും ചെയ്തു.

ഇടുക്കി ജില്ലയിൽ 47 പച്ചക്കറികടകൾ പരിശോധിച്ച് 7 കേസ്സ് എടുത്തു. 10 ഹോട്ടലുകൾ പരിശോധിച്ച് 2 കേസ്സ് എടുത്ത്. 27 പൊതു കമ്പോളങ്ങൾ പരിശോധിച്ച് 10 കേസ്സ് എടുത്തു. 4 എൽ.പി.ജി റെയിഡിൽ 39 സിലിണ്ടറുകൾ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു.

പാലക്കാട് 70 പൊതുകമ്പോള റെയിഡുകൾ നടത്തി 2270 കിലോ പഞ്ചസാരയും, പാലക്കാട് വാളയാർ ചെക്ക് പോസ്റ്റിൽ നിന്നും 15860 കിലോ ബയോഡീസൽ ടാങ്കർ ലോറി സഹിതം പിടിച്ചെടുത്തു.

സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ ഒരാഴ്ച്ചയിൽ മാത്രം 2300 റെയിഡുകൾ നടത്തി, 300 ൽ ലധികം കേസ്സുകൾ എടുത്തിട്ടുണ്ട്. ഒരു കോടി രൂപയുടെ ഭക്ഷ്യ വസ്തുക്കളും മറ്റും കണ്ടെടുത്തിട്ടുമുണ്ട്.